(ബി) അസിസ്റ്റൻറ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് II, ഗ്രേഡ് I എന്നിങ്ങനെ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ലിസ്റ്റ് നിലവിലുണ്ടെങ്കിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് പറയുമോ ;

(ഇ) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവർ ഇല്ലാത്തത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ : 85

1-ാം ഗ്രേഡ് ഓവർസിയർ : 217

2-ാം ഗ്രേഡ് ഓവർസിയർ : 53

(സി) റാങ്ക് ലിസ്റ്റുകൾ നിലവിലില്ല.

(ഡി) ബാധകമല്ല

(ഇ) കോഴിക്കോട് ജില്ലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ ഉള്ള പഞ്ചായത്തുകൾ അനുബന്ധമായി കൊടുക്കുന്നു.*

തെരുവ് നായ്ക്കൾ

270 (3557) ശ്രീ. പി. തിലോത്തമൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് നായ്ക്കൾ നാട്ടിലെമ്പാടും പെരുകുകയും ജനജീവിതം തന്നെ ഭീതിജനകവുമായിരിക്കുകയും ചെയ്തിട്ടും തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിന് നടപടികൾ ഏറ്റെടുക്കാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചേർത്തലയിൽ പലയിടങ്ങളിലും തെരുവ് നായ്ക്കൾ സ്കൂൾ കുട്ടികളെയും ഇരുചക്രവാഹന യാത്രക്കാരെയും കാൽനടക്കാരെയും ആക്രമിക്കുന്ന വാർത്തകൾ നിരന്തരമുണ്ടായിട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിനായി കർശന നിർദ്ദേശം നൽകാത്തത് എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ ; തെരുവു നായ്ക്കളെ വന്ധീകരിക്കുന്നതിനോ പുനരധിവസിപ്പിക്കുന്നതിനോ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; തെരുവു നായ്ക്കളിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബഹു. സുപ്രീം കോടതിയുടെ SLP(c) 691/09 ഉത്തരവ് പ്രകാരം തെരുവ് നായ്ക്കളെ കൊല്ലുന്നത് നിരോധിച്ചിരിക്കുന്നതിനാൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ആന്റി റാബീസ് പ്രോഗ്രാം ശരിയായ രീതിയിൽ ഗ്രാമപഞ്ചായത്തുകളിൽ കർശനമായി നടപ്പിലാക്കി വരുന്നു.

(ബി) തെരുവു നായ്ക്കളെ നിയന്ത്രിക്കുന്നതിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. തെരുവ് നായ്ക്കളെ വന്ധ്യംകരണ നടത്തി, പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2306/14/തസ്വഭവ. പ്രകാരവും, 16-10-2014-ലെ സ.ഉ. (സാധാ) നമ്പർ 2673/2014/തസ്വഭവ. പ്രകാരവും മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ആദിവാസി, തീരദേശ മേഖലകളിൽ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ

271 (3558) ശ്രീ. കെ. എൻ. എ. ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആദിവാസി മേഖലയിലും തീരദേശ മേഖലയിലും, കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ആദിവാസി മേഖലയിലും, തീരദേശ മേഖലയിലും സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ഡി) പ്രസ്തുത മേഖലകളിലെ കുടുംബശ്രീ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly